# മധുരമായ കുട്ടികളേ – തന്റെ മേൽ ദയ കാണിക്കൂ, ബാബ ഏത് നിർദ്ദേശമാണോ നൽകിയിരിക്കുന്നത് അതിലൂടെ നടക്കുകയാണെങ്കിൽ അപാര സന്തോഷമുണ്ടായിരിക്കും, മായയുടെ ശാപത്തിൽ നിന്നും രക്ഷപ്പെടും.

**ചോദ്യം:–** എന്തുകൊണ്ടാണ് മായയുടെ ശാപമേൽക്കുന്നത്? ശപിക്കപ്പെട്ട ആത്മാവിന്റെ ഗതിയെന്തായിരിക്കും?

**ഉത്തരം:–** 1. ബാബയുടെയും പഠിപ്പിന്റെയും(ജ്ഞാന രത്നങ്ങളുടെ) അനാദരവ് ചെയ്യുന്നതിലൂടെ, തന്റെ മതത്തിലൂടെ നടക്കുന്നതിലൂടെ മായയുടെ ശാപമേൽക്കുന്നു, 2. ആസുരീയ സ്വഭാവമാണ്, ദൈവീക ഗുണം ധാരണ ചെയ്യുന്നില്ലെങ്കിൽ തന്റെ മേൽ തന്നെ അകൃപ കാണിക്കുകയാണ്. ബുദ്ധിക്ക് പൂട്ട് വീഴുന്നു. അവർക്ക് ബാബയുടെ ഹൃദയത്തിൽ കയറാൻ സാധിക്കില്ല.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്കിപ്പോൾ ഇത് നിശ്ചയമുണ്ടായിരിക്കണം നമുക്ക് ആത്മാഭിമാനിയായി മാറണം, ബാബയെ ഓർമ്മിക്കണം. മായാരാവണൻ നമ്മളെ ശപിക്കപ്പെട്ടവരും ദുഃഖിയുമാക്കി മാറ്റുന്നു. ശാപം എന്ന വാക്ക് തന്നെ ദുഃഖത്തിന്റേതാണ്, സമ്പത്ത് എന്ന വാക്ക് സുഖത്തിന്റേതാണ്. വിശ്വസ്തരും ആജ്ഞാകാരിയുമായ കുട്ടികൾ ആരാണോ അവർ നല്ല രീതിയിൽ മനസ്സിലാക്കുന്നു. ആരാണോ ആജ്ഞാകാരികളല്ലാത്തത്, അവർ മക്കളല്ല. അവർ തന്നെക്കുറിച്ച് എന്ത് തന്നെ മനസ്സിലാക്കിയാലും ബാബയുടെ ഹൃദയത്തിൽ കയറാൻ സാധിക്കില്ല, സമ്പത്ത് നേടാനും സാധിക്കില്ല. ആരാണോ മായ പറയുന്നതിലൂടെ നടന്ന് ബാബയെ ഓർമ്മിക്കുക പോലും ചെയ്യാത്തത്, അവർക്ക് ആർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. അവർ അവരെ തന്നെ ശപിക്കുന്നു. മായ വളരെ സൂത്രശാലിയാണെന്ന് കുട്ടികൾക്കറിയാം. അഥവാ പരിധിയില്ലാത്ത ബാബയെ അംഗീകരിക്കുന്നില്ല എങ്കിൽ മായയെ അംഗീകരിക്കുന്നു എന്നാണ്. മായക്ക് വശപ്പെടുന്നു. പഴഞ്ചൊല്ലുണ്ടല്ലോ – പ്രഭുവിന്റെ ആജ്ഞ ശിരസാ വഹിക്കണം. അതിനാൽ ബാബ പറയുകയാണ് കുട്ടികളെ, പുരുഷാർത്ഥം ചെയ്ത് ബാബയെ ഓർമ്മിക്കൂ അപ്പോൾ മായയുടെ മടിയിൽ നിന്നും ഇറങ്ങി പ്രഭുവിന്റെ മടിയിലേയ്ക്ക് വരാൻ സാധിക്കും. ബാബ ബുദ്ധിവാൻമാരുടെയും ബുദ്ധിവാനാണ്. ബാബയെ അംഗീകരിക്കുന്നില്ലായെങ്കിൽ ബുദ്ധിയുടെ പൂട്ട് അടയ്ക്കപ്പെടും. പൂട്ട് തുറക്കുന്നത് ഒരേയൊരു ബാബയാണ്. ശ്രീമതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ അവരുടെ അവസ്ഥയെന്താവും. മായയുടെ മതത്തിലൂടെ ഒരു പദവിയും നേടാൻ സാധിക്കില്ല. കേവലം കേൾക്കുന്നു എന്നാൽ ധാരണ ചെയ്യാൻ സാധിക്കുന്നില്ല, ചെയ്യിക്കാനും സാധിക്കുന്നില്ല അപ്പോൾ അവരുടെ അവസ്ഥയെന്താവും! ബാബ ഏഴകളുടെ നാഥനാണ്. മനുഷ്യർ പാവപ്പെട്ടവർക്ക് ദാനം ചെയ്യുന്നു, ബാബയും വന്ന് എത്ര പരിധിയില്ലാത്ത ദാനമാണ് ചെയ്യുന്നത്. അഥവാ ശ്രീമതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ ബുദ്ധിയുടെ പൂട്ട് പെട്ടെന്ന് അടയ്ക്കപ്പെടുന്നു. പിന്നെന്ത് പ്രാപ്തി നേടും! ശ്രീമതത്തിലൂടെ നടക്കുന്നവർ തന്നെയാണ് ബാബയുടെ കുട്ടികൾ. ബാബ ദയാഹൃദയനാണ്. പുറത്തുപോയാൽ മായ ഒറ്റയടിക്ക് ഇല്ലാതാക്കുമെന്ന് അറിയാം. ചിലർ ജീവത്യാഗം ചെയ്യുന്നു അപ്പോൾ അതും തന്റെ സത്യനാശം ചെയ്യലാണ്. ബാബയാണെങ്കിൽ മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു – തന്റെ മേൽ ദയ കാണിക്കൂ, ശ്രീമതത്തിലൂടെ നടക്കൂ, തന്റെ മതത്തിലൂടെ നടക്കരുത്. ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ സന്തോഷത്തിന്റെ രസം ഉയരും. ലക്ഷ്മീ നാരായണന്റെ മുഖം നോക്കൂ എത്ര സന്തുഷ്ടരാണ്. അതിനാൽ പുരുഷാർത്ഥം ചെയ്ത് അതുപോലെ ഉയർന്ന പദവി നേടേണ്ടേ. ബാബ അവിനാശി ജ്ഞാന രത്നങ്ങളാണ് നൽകുന്നത് അപ്പോൾ എന്തിന് ബാബയെ അനാദരിക്കണം! രത്നങ്ങളാൽ സഞ്ചി നിറയ്ക്കണം. കേൾക്കുന്നുണ്ട് എന്നാൽ സഞ്ചി നിറയ്ക്കുന്നില്ല എന്തുകൊണ്ടെന്നാൽ ബാബയെ ഓർമ്മിക്കുന്നില്ല. ആസുരീയ രീതിയിൽ പെരുമാറുന്നു. ബാബ ഇടയ്ക്കിടയ്ക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ് – തന്റെ മേൽ ദയ കാണിക്കൂ, ദൈവീക ഗുണം ധാരണ ചെയ്യൂ. അവർ ആസുരീയ സമ്പ്രദായികളാണ്. ബാബ വന്ന് ഇതിനെ സ്വർഗ്ഗമാക്കി മാറ്റുന്നു. പരിസ്ഥാൻ എന്ന് സ്വർഗ്ഗത്തെയാണ് പറയുന്നത്. മനുഷ്യർ എത്ര ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു. സന്യാസിമാരുടെയെല്ലാം അടുത്തേയ്ക്ക് പോകുന്നു, മനസ്സിന് ശാന്തി ലഭിക്കുമെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ ഈ അക്ഷരം തന്നെ തെറ്റാണ്, ഇതിന് ഒരർത്ഥവുമില്ല. ശാന്തി ആത്മാവിനാണല്ലോ വേണ്ടത്. ആത്മാവ് സ്വയം ശാന്ത സ്വരൂപമാണ്. ഇങ്ങനെയും പറയാൻ സാധിക്കില്ല ആത്മാവിനെങ്ങനെ ശാന്തി ലഭിക്കും? പറയുന്നു മനസ്സിനെങ്ങനെ ശാന്തി ലഭിക്കും? ഇപ്പോൾ മനസ്സെന്താണ്, ബുദ്ധിയെന്താണ്, ആത്മാവെന്താണ്, ഒന്നും അറിയുകയില്ല. എന്തെല്ലാം ചെയ്യുന്നുണ്ടോ അഥവാ പറയുന്നുണ്ടോ അതെല്ലാം ഭക്തി മാർഗ്ഗത്തിലുള്ളതാണ്. ഭക്തി മാർഗ്ഗത്തിലുള്ളവർ പടി ഇറങ്ങിയിറങ്ങി തമോപ്രധാനമായി മാറിയിരിക്കുന്നു. ആർക്കെങ്കിലും കൂടുതൽ ധനം, സ്വത്ത് മുതലായവയുണ്ടെങ്കിലും രാവണ

രാജ്യത്തിലാണല്ലോ. നിങ്ങൾ കുട്ടികൾക്ക് ചിത്രങ്ങളുടെ മേൽ മനസ്സിലാക്കികൊടുക്കുന്നതിന് നല്ല പരിചയമുണ്ടായിരിക്കണം. ബാബ എല്ലാ സെന്ററുകളിലുമുള്ള കുട്ടികൾക്ക് മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുന്നു, നമ്പർവൈസാണല്ലോ. ചില കുട്ടികൾ രാജാവിന്റെ പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നില്ല പിന്നീട് പ്രജയിൽ പോയി എന്താവാനാണ്! സേവനം ചെയ്യുന്നില്ല, ഞാനെന്താകും തന്റെ മേൽ ദയ വരുന്നില്ല, പിന്നീട് മനസ്സിലാക്കാം ഡ്രാമയിൽ ഇവരുടെ പാർട്ട് ഇത്രയാണ്. തന്റെ മംഗളത്തിന് വേണ്ടി ജ്ഞാനത്തോടൊപ്പം യോഗവും വേണം. യോഗത്തിൽ ഇരിക്കുന്നില്ലായെങ്കിൽ ഒരു മംഗളവും ഉണ്ടാകില്ല. യോഗമില്ലാതെ പാവനമായി മാറാൻ സാധിക്കില്ല. ജ്ഞാനം വളരെ സഹജമാണ് എന്നാൽ തന്റെ മംഗളവും ചെയ്യണം. യോഗത്തിലിരിക്കാത്തതുകൊണ്ട് ഒരു മംഗളവും ഉണ്ടാകുന്നില്ല. യോഗമില്ലാതെ എങ്ങനെ പാവനമായി മാറും? ജ്ഞാനം വേറെ വസ്തുവാണ്, യോഗം വേറെ വസ്തുവാണ്. യോഗത്തിൽ വളരെ അപക്വമാണ്. ഓർമ്മിക്കുന്നതിനുള്ള ബുദ്ധി പോലും വരുന്നില്ല. ഓർമ്മിക്കാതെങ്ങനെ വികർമ്മം വിനാശമാകും. പിന്നീട് ഒരുപാട് ശിക്ഷ അനുഭവിക്കേണ്ടി വരുന്നു, വളരെയധികം പശ്ചാതാപം ഉണ്ടാകുന്നു. ആ സ്ഥൂലമായ സമ്പത്തുണ്ടാക്കുന്നില്ലെങ്കിൽ ഒരു ശിക്ഷയും അനുഭവിക്കേണ്ടി വരില്ല, ഇതിലാണെങ്കിൽ പാപത്തിന്റെ ഭാരം തലയ്ക്കുമുകളിലാണ്, അതിന്റെ ഒരുപാട് ശിക്ഷ അനുഭവിക്കേണ്ടി വരും. കുട്ടിയായി മാറി പിന്നെ മര്യാദയില്ലാത്തവരാവുകയാണെങ്കിൽ ഒരുപാട് ശിക്ഷ ലഭിക്കുന്നു. ബാബയാണെങ്കിൽ പറയുന്നു – തന്റെ മേൽ ദയ കാണിക്കൂ, യോഗത്തിലിരിക്കൂ. ഇല്ലായെങ്കിൽ വെറുതെ തന്റെ അമംഗളം ചെയ്യുകയാണ്. എങ്ങനെയാണോ ചിലർ മുകളിൽ നിന്ന് വീഴുന്നു, എന്നാൽ മരിക്കുന്നില്ല അതിനാൽ ഹോസ്പിറ്റലിൽ പോയി നിലവിളിച്ചുകൊണ്ടിരിക്കും. അനാവശ്യമായി സ്വയത്തെ മുറിവേൽപ്പിക്കുന്നു, മരിക്കുന്നില്ല, ബാക്കി എന്തിന് കൊള്ളും. ഇവിടെയും അങ്ങനെയാണ്. വളരെ ഉയരത്തിലേയ്ക്ക് കയറണം. ശ്രീമതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ വീണു പോകുന്നു. മുന്നോട്ട് പോകുമ്പോൾ ഓരോരുത്തർക്കും തന്റെ പദവി കാണാൻ സാധിക്കും ഞാൻ എന്തായി മാറും? ആരാണോ സർവ്വീസബിൾ, ആജ്ഞാകാരികൾ, അവർ ഉയർന്ന പദവി നേടും. ഇല്ലായെങ്കിൽ ദാസ–ദാസി മുതലായവരായി മാറും. പിന്നീട് വളരെ കടുത്ത ശിക്ഷയും ലഭിക്കും. ആ സമയം രണ്ടു പേരും ധർമ്മ രാജന്റെ രൂപത്തിലാവുന്നു. എന്നാൽ കുട്ടികൾ മനസ്സിലാക്കുന്നില്ല, തെറ്റ് ചെയ്തുകൊണ്ടേയിരിക്കുന്നു. ശിക്ഷ ഇവിടെ അനുഭവിക്കണമല്ലോ. ആര് എത്ര സർവ്വീസ് ചെയ്യുന്നുവോ, ശോഭിക്കും. ഇല്ലായെങ്കിൽ ഒന്നിനും കൊള്ളാത്തവരായി മാറും. ബാബ പറയുകയാണ് മറ്റുള്ളവരുടെ മംഗളം ചെയ്യാൻ സാധിക്കുന്നില്ലായെങ്കിൽ തന്റെയെങ്കിലും മംഗളം ചെയ്യൂ. ബന്ധനസ്ഥർ പോലും തന്റെ മംഗളം ചെയ്തുകൊണ്ടിരിക്കുന്നു. ബാബ വീണ്ടും കുട്ടികളോട് പറയുകയാണ് ശ്രദ്ധയോടെയിരിക്കൂ. നാമ–രൂപത്തിൽ കുടുങ്ങുന്നതുകൊണ്ട് മായ വളരെ ബുദ്ധിമുട്ട് തരുന്നു. ബാബാ ഇന്നയാളെ കാണുമ്പോൾ എന്നിൽ മോശമായ സങ്കല്പം വരുന്നുവെന്ന് പറയുന്നു. ബാബ മനസ്സിലാക്കി തരുകയാണ് – കർമ്മേന്ദ്രിയങ്ങൾ കൊണ്ട് ഒരിക്കലും മോശമായ കർമ്മം ചെയ്യരുത്. ഏതെങ്കിലും മോശമായ ആൾ അവരുടെ പെരുമാറ്റം ശരിയല്ലായെങ്കിൽ അവരെ സെന്ററിൽ വരാൻ അനുവദിക്കരുത്. സ്ക്കൂളിൽ ആരെങ്കിലും മോശമായി പെരുമാറുന്നുവെങ്കിൽ അവർ വളരെയധികം ശിക്ഷ അനുഭവിക്കുന്നു. ടീച്ചർ എല്ലാവരുടെ മുന്നിലും പറയുന്നു ഇയാൾ ഇങ്ങനെ മോശമായി പെറുമാറിയിരിക്കുന്നു, അതുകൊണ്ട് ഇയാളെ സ്ക്കൂളിൽ നിന്ന് പുറത്താക്കുകയാണ്. നിങ്ങളുടെ സെന്ററിലും ഇങ്ങനെ മോശമായ ദൃഷ്ടിയുള്ളവർ വരുകയാണെങ്കിൽ, അവരെ ഓടിക്കണം. ബാബ പറയുന്നു ഒരിക്കലും കുദൃഷ്ടി വെയ്ക്കരുത്. സേവനം ചെയ്യുന്നില്ല, ബാബയെ ഓർമ്മിക്കുന്നില്ലായെങ്കിൽ തീർച്ചയായും ഏതെങ്കിലും തരത്തിലുള്ള അശുദ്ധിയുണ്ട്. ആരാണോ നല്ല സേവനം ചെയ്യുന്നത്, അവരുടെ പേര് പ്രസിദ്ധമാകുന്നു. കുറച്ചെങ്കിലും സങ്കല്പം വന്നു, കുദൃഷ്ടിയുണ്ടെങ്കിൽ മായയുടെ യുദ്ധമുണ്ടെന്ന് മനസ്സിലാക്കണം. പെട്ടെന്ന് ഉപേക്ഷിക്കണം. ഇല്ലായെങ്കിൽ വൃദ്ധി നേടി ബുദ്ധിമുട്ട് നൽകും. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ രക്ഷപ്പെട്ടുകൊണ്ടിരിക്കും. ബാബ എല്ലാ കുട്ടികൾക്കും മുന്നറിപ്പ് നൽകുകയാണ് – ജാഗ്രതയോടെയിരിക്കൂ, എവിടെയും തന്റെ കുലത്തിന്റെ പേര് മോശമാക്കരുത്. ചിലർ ഗന്ധർവ്വ വിവാഹം ചെയ്ത് ഒരുമിച്ചിരിക്കുന്നു അതിനാൽ പേര് വളരെ പ്രിസിദ്ധമാക്കുന്നു, ചിലർ വീണ് മോശമായി മാറുന്നു. ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് തന്റെ സദ്ഗതി ചെയ്യാനാണ്, ദുർഗതി ചെയ്യാനല്ല. മോശത്തിലും മോശമായത് കാമമാണ്, പിന്നീട് ക്രോധം. ബാബയിൽ നിന്ന് സമ്പത്ത് നേടാനാണ് വരുന്നത് എന്നാൽ മായ യുദ്ധം ചെയ്ത് ശാപം നൽകുന്നു പെട്ടെന്ന് വീണ് പോകുന്നു. പോയി സ്വയം ശപിക്കുന്നു. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് വളരെയധികം സംരക്ഷിക്കണം, ഇങ്ങനെയുള്ള ആരെങ്കിലും വരുകയാണെങ്കിൽ അവരെ പെട്ടെന്ന് തിരിച്ചയക്കണം. കാണിച്ചിട്ടുമുണ്ടല്ലോ – അമൃത് കുടിക്കാൻ വന്നു പിന്നീട് പുറത്ത് പോയി അസുരനായി മാറി മോശം പ്രവൃത്തി ചെയ്തു. അവർക്ക് പിന്നീട് ഈ ജ്ഞാനം കേൾക്കാൻ സാധിക്കില്ല. പൂട്ട് ബന്ധിക്കപ്പെടുന്നു. ബാബ പറയുന്നു തന്റെ സേവനത്തിൽ മാത്രം താത്പരരായി കഴിയണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് പിന്നീട് വീട്ടിലേയ്ക്ക് തിരിച്ച് പോകണം. ഗീതവുമുണ്ടല്ലോ – രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത്... ആത്മാവിന് വീട്ടിലേയ്ക്ക് പോകണം. ആത്മാവ് തന്നെയാണ് യാത്രക്കാരൻ. ആത്മാവിന് ദിവസവും മനസ്സിലാക്കി കൊടുക്കുകയാണ് ഇപ്പോൾ നിങ്ങൾ ശാന്തിധാമിലേയ്ക്ക് പോകുന്ന യാത്രക്കാരനാണ്. അതിനാൽ ഇപ്പോൾ ബാബയേയും, വീടിനേയും, സമ്പത്തിനെയും ഓർമ്മിച്ചുകൊണ്ടേയിരിക്കൂ. സ്വയം

നോക്കണം മായ എവിടെയും ബുദ്ധിമുട്ട് നൽകുന്നില്ലല്ലോ? ഞാൻ എന്റെ അച്ഛനെ ഓർമ്മിക്കുന്നുണ്ടോ?

ഉയർന്നതിലും ഉയർന്ന ബാബയുടെ നേരെ ദൃഷ്ടി ഉണ്ടായിരിക്കണം – ഇതാണ് ഏറ്റവും ഉയർന്ന പുരുഷാർത്ഥം. ബാബ പറയുകയാണ് – കുട്ടികളെ, കുദൃഷ്ടി ഉപേക്ഷിക്കൂ. ദേഹാഭിമാനം അർത്ഥം കുദൃഷ്ടി, ദേഹീ–അഭിമാനി അർത്ഥം ശുദ്ധമായ ദൃഷ്ടി. അതിനാൽ കുട്ടികളുടെ ദൃഷ്ടി ബാബയുടെ നേർക്കായിരിക്കണം. സമ്പത്ത് വളരെ ഉയർന്നതാണ് – വിശ്വത്തിന്റെ ചക്രവർത്തി, ചെറിയ കാര്യമാണോ! പഠിപ്പിലൂടെ, യോഗത്തിലൂടെ വിശ്വത്തിന്റെ ചക്രവർത്തിയാകാൻ സാധിക്കുമെന്ന് ആരുടെയും സ്വപ്നത്തിൽ പോലും ഉണ്ടായിരിക്കില്ല. പഠിച്ച് ഉയർന്ന പദവി നേടുമ്പോൾ ബാബയും സന്തോഷിക്കും, ടീച്ചറും സന്തോഷിക്കും, സദ്ഗുരുവും സന്തോഷിക്കും. ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ബാബയും വാത്സല്യം തന്നുകൊണ്ടിരിക്കും. ബാബ പറയുന്നു – കുട്ടികളെ, ഈ കുറവുകൾ ഇല്ലാതാക്കൂ. ഇല്ലായെങ്കിൽ വെറുതെ പേര് മോശമാകും. ബാബയാണെങ്കിൽ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റി, സൗഭാഗ്യം തുറക്കുന്നു. ഭാരത വാസികൾ തന്നെയാണ് 100 ശതമാനം സൗഭാഗ്യ ശാലികളായിരുന്നത് പിന്നീട് 100 ശതമാനം ദുർഭാഗ്യശാലികളായി മാറിയിരിക്കുന്നു വീണ്ടും നിങ്ങൾക്ക് സൗഭാഗ്യശാലിയാകുന്നതിന് വേണ്ടി പഠിക്കേണ്ടതുണ്ട്.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഓരോ ധർമ്മത്തിലെയും ഉയർന്നവർ, അവരും നിങ്ങളുടെയടുത്ത് വരും. യോഗം പഠിച്ച് പോകും. മ്യൂസിയത്തിൽ ഏതെങ്കിലും ടൂറിസ്റ്റ് വന്നാൽ, അവർക്കും നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും – ഇപ്പോൾ സ്വർഗ്ഗത്തിന്റെ കവാടം തുറക്കുകയാണ്. വൃക്ഷത്തിന് മേൽ മനസ്സിലാക്കി കൊടുക്കൂ, നോക്കൂ നിങ്ങൾ ഇന്ന സമയത്ത് വരുന്നു. ഭാരതവാസികളുടെ പാർട്ട് ഇന്ന സമയത്താണ്. നിങ്ങൾ ഈ ജ്ഞാനം കേൾക്കൂ പിന്നീട് തന്റെ ദേശത്ത് പോയി പറയൂ ബാബയെ ഓർമ്മിക്കൂ എങ്കിൽ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. അവരും യോഗത്തിന് വേണ്ടി ആഗ്രഹം വെയ്ക്കുന്നു. ഹഠയോഗി, സന്യാസിമാർക്കൊന്നും ഈ യോഗം പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങളുടെ ദൗത്യവും പുറത്ത് പോകും. മനസ്സിലാക്കി കൊടുക്കുന്നതിന് വളരെ വലിയ യുക്തി ആവശ്യമാണ്. ധർമ്മത്തിലെ ഉയർന്നവർക്ക് വരിക തന്നെ വേണം. നിങ്ങളിൽ നിന്ന് ആരെങ്കിലും ഒരാൾ ഈ ജ്ഞാനം എടുത്ത് പോവുകയാണെങ്കിൽ ഒരാളിൽ നിന്ന് അനേകം പേർ മനസ്സിലാക്കും. ഒരാളുടെ ബുദ്ധിയിൽ വന്നാൽ പിന്നെ ദിന പത്രങ്ങളിലെല്ലാം ഇടും. ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ഇല്ലായെങ്കിൽ എങ്ങനെ ബാബയെ ഓർമ്മിക്കാൻ പഠിക്കും. ബാബയുടെ പരിചയം എല്ലാവർക്കും ലഭിക്കുന്നു. ആരെങ്കിലുമെല്ലാം വരും. മ്യൂസിയത്തിൽ വളരെ പഴയ വസ്തുക്കൾ കാണാൻ പോകുന്നു. ഇവിടെ നിങ്ങളുടെ പഴയ ജ്ഞാനം കേൾക്കും. അനേകർ വരും. അവരിൽ ചിലർ നല്ല രീതിയിൽ മനസ്സിലാക്കും. ഇവിടെ നിന്ന് തന്നെ ദൃഷ്ടി ലഭിക്കും അതോടെ ദൗത്യം പുറത്തേയ്ക്ക് പോകും. നിങ്ങൾ പറയും ബാബയെ ഓർമ്മിക്കൂ എങ്കിൽ തന്റെ ധർമ്മത്തിൽ ഉയർന്ന പദവി നേടാം. പുനർജന്മം എടുത്തെടുത്ത് എല്ലാവരും താഴെയിറങ്ങി വന്നിരിക്കുകയാണ്. താഴെ ഇറങ്ങുക അർത്ഥം തമോ പ്രധാനമായി മാറുക. ബാബയെ ഓർമ്മിക്കൂ എന്ന് പോപ്പ് മുതലായവർക്കൊന്നും പറയാൻ സാധിക്കില്ല. ബാബയെ അറിയുന്നേയില്ല. നിങ്ങളുടെയടുത്ത് വളരെ നല്ല ജ്ഞാനമാണ്. ചിത്രവും നല്ലത് ഉണ്ടാക്കി കൊണ്ടിരിക്കുന്നു. മനോഹരമായ വസ്തുക്കളുണ്ടെങ്കിൽ മ്യൂസിയം ഒന്നുകൂടി മനോഹരമാകും. കാണുന്നതിന് വേണ്ടി അനേകർ വരും. എത്ര വലിയ ചിത്രമുണ്ടോ അത്രയും നന്നായി മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഞങ്ങൾ ഇങ്ങനെ മനസ്സിലാക്കി കൊടുക്കുമെന്ന താല്പര്യമുണ്ടായിരിക്കണം. സദാ നിങ്ങളുടെ ബുദ്ധിലുണ്ടായിരിക്കണം നമ്മൾ ബ്രാഹ്മണരായി മാറിയിരിക്കുന്നു അതിനാൽ എത്ര സേവനം ചെയ്യുന്നുണ്ടോ അത്രയും ഉയർന്ന അംഗീകാരവും ഉണ്ടാകും. ഇവിടെ അംഗീകാരമുണ്ടെങ്കിൽ അവിടെയും അംഗീകാരമുണ്ടാകും. നിങ്ങൾ പൂജ്യരായി മാറും. ഈ ഈശ്വരീയ ജ്ഞാനം ധാരണ ചെയ്യണം. ബാബ പറയുകയാണ് സേവനത്തിന് ഓടികൊണ്ടിരിക്കൂ. ബാബ സേവനത്തിനായി എവിടെ അയച്ചാലും, അതിൽ മംഗളമുണ്ട്. മുഴുവൻ ദിവസവും ബുദ്ധിയിൽ സേവനത്തിന്റെ ചിന്ത നടക്കണം. വിദേശിയർക്കും ബാബയുടെ പരിചയം നൽകണം. അതിസ്നേഹിയായ ബാബയെ ഓർമ്മിക്കൂ, ഏതൊരു ദേഹധാരിയേയും ഗുരുവാക്കരുത്. സർവ്വരുടെയും സദ്ഗതി ദാതാവ് ആ ഒരു ബാബയാണ്. ഇപ്പോൾ ഹോൾസെയിലായി മരണം മുന്നിൽ നിൽക്കുകയാണ്, ഹോൾസെയിലും റീട്ടെയിലും വ്യാപാരവുമുണ്ടല്ലോ. ബാബ ഹോൾസെയിലാണ്, സമ്പത്തും ഹോൾസെയിലായി നൽകുന്നു. 21 ജന്മത്തയ്ക്ക് വിശ്വത്തിന്റെ രാജ്യഭാഗ്യമെടുക്കൂ. മുഖ്യമായ ചിത്രമാണ് ത്രിമൂർത്തി, സൃഷ്ടി ചക്രം, കല്പ വൃക്ഷം, ഏണിപ്പടി, വിരാട രൂപത്തിന്റെ ചിത്രം, പിന്നെ ഗീതയുടെ ഭഗവാനാരാണ്?... ഈ ചിത്രമാണെങ്കിൽ ഒന്നാന്തരമാണ്, ഇതിൽ ബാബയുടെ മഹിമ പൂർണ്ണമാണ്. കൃഷ്ണനെ ഇങ്ങനെയാക്കിയത് ബാബ തന്നെയാണ്, ഈ സമ്പത്ത് ഗോഡ് ഫാദർ നൽകിയതാണ്. കലിയുഗത്തിൽ ഇത്രയധികം മനുഷ്യരാണ്, സത്യയുഗത്തിൽ കുറവാണ്. ഈ വ്യത്യാസം വരുത്തിയത് ആരാണ്? തീർത്തും ആർക്കും അറിയില്ല. ഒരുപാട് ടൂറിസ്റ്റുകൾ വലിയ വലിയ പട്ടണങ്ങളിലേയ്ക്ക് പോകുന്നുണ്ട്. അവരും വന്ന് ബാബയുടെ പരിചയം നേടും. സേവനത്തിനുള്ള അനേകം പോയിന്റുകൾ ലഭിച്ചുകൊണ്ടേയിരിക്കുന്നു. വിദേശത്തേയ്ക്കും

പോകണം. ഒരു ഭാഗത്ത് നിങ്ങൾ ബാബയുടെ പരിചയം നൽകികൊണ്ടിരിക്കും, മറുഭാഗത്ത് കലഹവും നടന്നുകൊണ്ടിരിക്കും. സത്യയുഗത്തിൽ കുറച്ച് മനുഷ്യരെ ഉണ്ടായിരിക്കൂ അതിനാൽ ബാക്കി തീർച്ച യായും വിനാശമാകണമല്ലോ. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുന്നു. എന്താണോ കഴിഞ്ഞു പോയത് അത് വീണ്ടും ആവർത്തിക്കും. എന്നാൽ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കാനുള്ള ബുദ്ധിയും ഉണ്ടായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സദാ ഒരു ബാബയിലേക്ക് മാത്രം ദൃഷ്ടി വെയ്ക്കണം. ദേഹീ അഭിമാനിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്ത് മായയുടെ അടിയിൽ നിന്നും രക്ഷപ്പെടണം. ഒരിക്കലും കുദൃഷ്ടി വെച്ച് തന്റെ കുലത്തിന്റെ പേര് മോശമാക്കരുത്.

2) സേവനത്തിന് വേണ്ടി ഓടി കൊണ്ടിരിക്കണം. സർവ്വീസബിളും ആജ്ഞാകാരിയുമായി മാറണം. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. മര്യാദപൂർവ്വമല്ലാത്ത ഒരു പെരുമാറ്റവും ഉണ്ടാകരുത്.

## വരദാനം:- ഫുൾസ്റ്റോപ്പിന്റെ സ്ഥിതിയിലൂടെ പ്രകൃതിയുടെ ചഞ്ചലതകളെ സ്റ്റോപ്പ് ചെയ്യുന്ന മാസ്റ്റർ പ്രകൃതിപതിയായി ഭവിക്കട്ടെ.

വർത്തമാനസമയം ചഞ്ചലത വർദ്ധിക്കുന്ന സമയമാണ്. ഫൈനൽ പേപ്പറിൽ ഒരു ഭാഗത്ത് പ്രകൃതിയുടെയും മറുഭാഗത്ത് അഞ്ച് വികാരങ്ങളുടെയും വികരാള രൂപമായിരിക്കും. തമോഗുണീ ആത്മാക്കളുടെ യുദ്ധവും പഴയ സംസ്കാരങ്ങളും......എല്ലാം അവസാന സമയത്ത് തങ്ങളുടെ ചാൻസെടുക്കും. അങ്ങനെയുള്ള സമയത്ത് ഉള്ളിലൊതുക്കുവാനുള്ള ശക്തിയിലൂടെ ഇപ്പോഴിപ്പോൾ സാകാരി, ഇപ്പോഴിപ്പോൾ ആകാരി, ഇപ്പോഴിപ്പോൾ നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്യാനുള്ള അഭ്യാസം വേണം. കണ്ടുകൊണ്ടും കാണരുത്, കേട്ടുകൊണ്ടും കേൾക്കരുത്. എപ്പോൾ അങ്ങനെയുള്ള ഫുൾസ്റ്റോപ്പിന്റെ സ്ഥിതിയുണ്ടാകുന്നുവോ അപ്പോൾ പ്രകൃതിപതിയായി പ്രകൃതിയുടെ ഇളക്കങ്ങളെ സ്റ്റോപ്പ് ചെയ്യാൻ സാധിക്കും.

## സ്ലോഗൻ:- നിർവ്വിഘ്ന രാജ്യാധികാരിയാകുന്നതിന് വേണ്ടി നിർവ്വിഘ്ന സേവാധാരിയാകൂ.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
സദാ ഈ സ്മൃതിയുണ്ടായിരിക്കണം ഞാൻ ആത്മാവ് ആ പരമാത്മാവിനോടൊപ്പം കമ്പൈന്റാണ്. പരമാത്മാവിന് ആത്മാവായ എന്നെ കൂടാതെ ഇരിക്കാൻ കഴിയില്ല, മാത്രമല്ല എനിക്കും പരമാത്മാവില്ലാതെ വേറിട്ടിരിക്കാൻ സാധിക്കില്ല. അങ്ങിനെ ഓരോ സെക്കന്റും യജമാനനെ ഹാജർ അനുഭവം ചെയ്യുന്നതിലൂടെ ആത്മീയ സുഗന്ധത്തിൽ അവിനാശിയും ഏകരസവുമായിരിക്കാം.